# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 566

04.02.2020 ൽ മറുപടിക്ക്

## കോയമ്പത്തൂർ - കൊച്ചി വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കോയമ്പത്തൂർ - കൊച്ചി വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) (ബി) (സി) (ഡി) & (ഇ) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20.11.2019 ലെ സ.ഉ. (സാധാ)നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതിയിൽ ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളാണ് വികസിപ്പിക്കുന്നത്. ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ് -I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ ഉ (കൈ ) |
| (ബി) | ഇതിനായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യേണ്ടതുണ്ട് എന്നറിയിക്കാമോ; | | |
| (സി) | ഏതെല്ലാം ജില്ലകളിലാണ് ഒന്നാം ഘട്ടം എന്ന നിലയിൽ സ്ഥലം അക്വയർ ചെയ്യുന്നത്; വിശദാംശം നൽകുമോ; | | |
| (ഡി) | ഭൂമി ഏറ്റെടുക്കാനുള്ള പണം എങ്ങിനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | | |
| (ഇ) | വ്യവസായ ഇടനാഴി യാഥാർത്ഥ്യമായാൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | നം:15/2020/വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി പ്രാവർത്തികമാവുന്നതോടെ പ്രത്യക്ഷത്തിൽ 22000 ത്തോളം തൊഴിലവസരങ്ങളും പരോക്ഷമായി 80000 ത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**